**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2814** **03-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീധനം എന്ന സാമൂഹ്യതിന്മയെ സംബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സ്ത്രീധനം പോലുള്ള ദുരാചാരങ്ങൾ സമൂഹത്തിൽ നിന്നും തുടച്ചുനീക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യം കോളേജ് വിദ്യാർത്ഥികൾക്ക് ലിംഗസമത്വം, സ്ത്രീസുരക്ഷാ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹധൂർത്ത് കുറയ്ക്കുന്നത് എന്നിവ സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ വനിതാ ശിശു വികസന വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. കൂടാതെ മേൽ വിഷയങ്ങൾ കോളേജുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ലിംഗസമത്വം യുവാക്കളിൽ നിന്നും തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാർ മുഖാന്തിരം എൻ.സി.സി., എൻ.എസ്.എസ്., കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവയുടെ സഹകരണത്തോടെ ജെൻഡർ അവയർനെസ് ക്യാംപെയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതുപോലെ, കേരള വനിതാ കമ്മീഷൻ സംസ്ഥാനത്ത് സ്ത്രീധനം എന്ന സാമൂഹ്യതിന്മയെ സംബന്ധിച്ച് സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ കലാലയ ജ്യോതി എന്ന പേരിലും യുവതി യുവാക്കൾക്കിടയിൽ വിവാഹപൂർവ്വ ശില്പശാല എന്ന പേരിലും പരിപാടികൾ നടത്തി വരുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ത്രീധനമുൾപ്പെടെയുള്ള സ്ത്രീവിരുദ്ധ പ്രവണതകൾ ചർച്ച ചെയ്യാവുന്ന "ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ" ആരംഭിക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ട്. |
| (ബി) | ബിരുദം നേടുന്നതിന് സ്ത്രീധന ബോണ്ട് ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണ്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ പ്രസ്തുത നിർദ്ദേശം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ